# കേരളസംസ്ഥാന മുന്നാക്ക സമുദായക്ഷേമകോർപ്പറേഷൻ

ഫോൺ: **0471-2311215**, **e-mail: kswcfc@gmail.com Website: www.kswcfc.org**

## ബാങ്ക്/പി.എസ്.സി/യുപിഎസ്.സി/മറ്റ്മത്സര പരീക്ഷകൾക്കുള്ളപരിശീലന ധനസഹായ പദ്ധതി.

2018-19 സാമ്പത്തിക വർഷത്തേക്ക് കേരള സംസ്ഥാനത്തെ മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിൽപ്പെടുന്ന തൊഴിൽ അന്വേഷകരായ യുവജനങ്ങൾക്ക് വിദ്യാസമുന്നതി പരീക്ഷാപരിശീലന ധനസഹായത്തിനുള്ള മാനദണ്ഡങ്ങൾ:-

- അപേക്ഷകർ www.kswcfc.org എന്ന വെബ്സൈറ്റിലെ ഓൺലൈൻ ഡാറ്റാബാങ്കിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇതിൽ നിന്നും ലഭിക്കുന്ന രജിസ്റ്റർ നമ്പർ ഉപയോഗിച്ച് മാത്രമേ പരിശീലന ധനസഹായ പദ്ധതിയിൽ അപേക്ഷ സമർപ്പിക്കുവാൻ സാധിക്കുകയുള്ളൂ. രജിസ്ട്രേഷൻ ഒരുതവണ മാത്രം ചെയ്യേണ്ടതും പ്രസ്തുത രജിസ്ട്രേഷൻ നമ്പർ സൂക്ഷിച്ച് വയ്ക്കേണ്ടതുമാണ്. കോർപ്പറേഷൻ ആനുകൂല്യങ്ങൾക്കായി അപേക്ഷ സമർപ്പിക്കുവാൻ ഈ രജിസ്ട്രേഷൻ നമ്പർ അനിവാര്യമാണ്.
- അപേക്ഷകർ കേരളസംസ്ഥാനത്തിലെ സംവരണേതര വിഭാഗങ്ങളിൽപ്പെടുന്നവരാകണം.
- അപേക്ഷകരുടെ (പിതാവിന്റെ/ മാതാവിന്റെ/ രക്ഷകർത്താവിന്റെ) കുടുംബ വാർഷിക വരുമാനം **നാലര ലക്ഷം (4,50,000/-)** രൂപയിൽ താഴെ ആയിരിക്കണം
- പരിശീലന ധനസഹായ പദ്ധതിക്കുള്ള അപേക്ഷകൾ ഓൺലൈനായിട്ടാണ് സ്വീകരിക്കുന്നത്. ഓൺലൈനായി അപേക്ഷ സമർപ്പിക്കുമ്പോൾ താഴെ പറഞ്ഞിട്ടുള്ള രേഖകൾ സ്കാൻ ചെയ്ത് അപേക്ഷയോടൊപ്പം നിർബന്ധമായും ലഭ്യമാക്കേണ്ടതുമാണ്.

1. ജാതി തെളിയിക്കുന്ന രേഖ - വില്ലേജ് ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റ് / SSLC സർട്ടിഫിക്കറ്റിലെ ജാതി രേഖപ്പെടുത്തിയ പേജ്/ സ്കൂളിൽ നിന്നും ലഭിക്കുന്ന ജാതി രേഖപ്പെടുത്തിയ Transfer Certificate.
   (വില്ലേജ് ഓഫീസർ നൽകുന്ന Minority Certificate/മറ്റുരേഖകൾ സ്വീകാര്യമല്ല)
2. വരുമാന സർട്ടിഫിക്കറ്റ് (റവന്യു അധികാരി/ വില്ലേജ് ഓഫീസർ നൽകുന്നത്).
3. പരിശീലനം നടത്തുന്ന സ്ഥാപനത്തിൽ നിന്നും വാങ്ങേണ്ട സർട്ടിഫിക്കറ്റ്. (വെബ്സൈറ്റിൽ ലഭ്യമായ മാതൃകയിൽ തന്നെ സമർപ്പിക്കേണ്ടതാണ്).
4. അപേക്ഷകന്റെ പേരിലുള്ള ബാങ്ക് പാസ്സ്ബുക്കിന്റെ ആദ്യപേജിന്റെ പകർപ്പ്. (അക്കൗണ്ട്നമ്പർ, ബ്രാഞ്ച്, IFSC എന്നിവ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം).
5. ആധാർകാർഡ്.

- ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്ന സമയത്ത് അപേക്ഷയുടെയും, ഉള്ളടക്കം ചെയ്യുന്ന രേഖകളുടെയും പകർപ്പ് തപാലിൽ കേരള സംസ്ഥാന മുന്നാക്ക സമുദായ കോർപ്പറേഷനിൽ **അയച്ചുതരേണ്ടതില്ല.**
- അപേക്ഷകർ പരീക്ഷ പരിശീലനത്തിനായി നിലവാരമുള്ള സ്ഥാപനങ്ങളിൽ പഠിച്ച് കൊണ്ടിരിക്കുന്നവരാകണം. 36 വയസ്സാണ് അപേക്ഷകർക്ക് നിശ്ചയിച്ചിരിക്കുന്ന പ്രായപരിധി.
- പരിശീലന ധനസഹായം,''**ഒടുക്കിയ ഫീസ്തിരികെ നൽകുന്ന മാതൃകയിൽ ആണ്''.** ധനസഹായമായി പരമാവധി 6,000/- രൂപ വരെ ഫീസ് ഇനത്തിൽ അടച്ച തുകയാണ് തിരികെ നൽകുന്നത്. പരിശീലന ധനസഹായം പരമാവധി 6,000/- രൂപ എന്ന് നിശ്ചയിച്ചിട്ടുണ്ടെങ്കിലും, അപേക്ഷകൻ ഒടുക്കിയ ഫീസ് തുക മാത്രമേ അനുവദിച്ച് നൽകുകയുള്ളൂ. 1433 അപേക്ഷകർക്ക് ഈ വിഭാഗത്തിൽ നിന്നും ആനുകൂല്യം ലഭിക്കുന്നതാണ്.
- മത്സര പരീക്ഷാ പരിശീലനം നേടുന്ന അപേക്ഷാർത്ഥിക്ക് അതത് മത്സര പരീക്ഷകൾക്ക് നിശ്ചയിച്ചിരിക്കുന്ന അടിസ്ഥാന യോഗ്യതകൾ ഉണ്ടായിരിക്കേണ്ടതാണ്.
- സർക്കാരിൽ നിന്നുള്ള ഫണ്ടിന്റെ ലഭ്യതക്കനുസൃതമായാണ് അപേക്ഷകർക്ക് ധനസഹായം ലഭ്യമാക്കുന്നത്. കുറഞ്ഞവരുമാന പരിധിയിൽപ്പെടുന്നവർക്ക് മുൻഗണന നൽകികൊണ്ടും, ഫണ്ടിന്റെ ലഭ്യതയ്ക്കനുസൃതമായിട്ടുമാണ് ഗുണഭോക്താക്കളുടെ അന്തിമപട്ടിക തയ്യാറാക്കുന്നത്.
- അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ളതും, അപേക്ഷകന്റെ പേരിൽ ഉള്ളതുമായ ബാങ്ക് അക്കൗണ്ടിലേക്ക് മാത്രമേ ധനസഹായം ലഭ്യമാക്കുകയുള്ളൂ.
- ഓൺലൈൻ അപേക്ഷയിലെ നേരിയ പിഴവുകൾ അപേക്ഷ നിരസിക്കുന്നതിന് കാരണമാകുമെന്നതിനാൽ അപേക്ഷ സമർപ്പിക്കുന്ന നടപടിക്രമങ്ങൾ അതീവ ജാഗ്രതയോടെ പൂർത്തിയാക്കേണ്ടതാണ്. വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ള മാതൃകയിൽ സമർപ്പിക്കുന്ന സർട്ടിഫിക്കറ്റുകൾ മാത്രമേസ്വീകരിക്കുകയുള്ളൂ.
- അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി **07.12.2018** ആണ്. അപേക്ഷകർക്ക് ഓൺലൈനായി സമർപ്പിച്ച അപേക്ഷ പ്രസ്തുത തീയതി വരെ മാത്രമേ തിരുത്തുന്നതിനുള്ള അവസരം ലഭിക്കുകയുള്ളൂ. പരിശോധനയിൽ തെറ്റായ വിവരം രേഖപ്പെടുത്തിയിട്ടുള്ളതും, അവ്യക്തമായ രേഖകൾ Upload ചെയ്തിട്ടുള്ളതും, അപൂർണ്ണമായതുമായ അപേക്ഷകൾ നിരസിക്കുന്നതായിരിക്കും. പിന്നീടുള്ള പരാതികൾ സ്വീകരിക്കുന്നതല്ല.
- ***കേരളസംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷന്റെ പ്രസ്തുത പരീക്ഷാ പരിശീലന സഹായം മുമ്പ് ലഭിച്ചവർ പുതുതായി അപേക്ഷിക്കാൻ അർഹരല്ല.***

- പരീക്ഷാ പരിശീലന ധനസഹായത്തിനായി ഷോർട്ട്ലിസ്റ്റ് ചെയ്യപ്പെടുന്ന അപേക്ഷകർക്ക് അപേക്ഷയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ നമ്പരിലേക്ക് SMS ലഭിക്കുന്നതാണ്. **SMS ലഭിക്കുന്ന അപേക്ഷകർ മാത്രം താഴെപ്പറയുന്ന രേഖകൾ** തപാലിൽ Kerala State Welfare Corporation for Forward Communities ltd, TC9/476, L2, Kuleena, Jawahar Nagar, Kowdiar. P.O., Thiruvananthapuram- 3 എന്ന വിലാസത്തിൽ അയച്ചുതരേണ്ടതാണ്.

➢ ഓൺലൈൻ അപേക്ഷയുടെ പകർപ്പ്.

➢ ജാതി തെളിയിക്കുന്ന രേഖ - വില്ലേജ് ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റ് / SSLC സർട്ടിഫിക്കറ്റിലെ ജാതി രേഖപ്പെടുത്തിയ പേജ്/ സ്കൂളിൽ നിന്നും ലഭിക്കുന്ന ജാതി രേഖപ്പെടുത്തിയ Transfer Certificateന്റെ പകർപ്പ് ഇവയിൽ ഏതെങ്കിലും ഒന്ന്.
(വില്ലേജ് ഓഫീസർ നൽകുന്ന Minority Certificate/മറ്റുരേഖകൾ സ്വീകാര്യമല്ല)

➢ വരുമാന സർട്ടിഫിക്കറ്റ് (റവന്യു അധികാരി/വില്ലേജ് ഓഫീസർ നൽകുന്നത്).

➢ പരിശീലനം നടത്തുന്ന സ്ഥാപനത്തിൽ നിന്നും വാങ്ങേണ്ട സർട്ടിഫിക്കറ്റ് (വെബ്സൈറ്റിൽ ലഭ്യമായ മാതൃകയിൽ തന്നെ സമർപ്പിക്കേണ്ടതാണ്).

➢ അപേക്ഷകന്റെ പേരിലുള്ള ബാങ്ക് പാസ്സ്ബുക്കിന്റെ ആദ്യപേജിന്റെ പകർപ്പ്. (അക്കൗണ്ട്നമ്പർ, ബ്രാഞ്ച്, IFSC വ്യക്തമായി രേഖപ്പെടുത്തിയത്).

➢ ആധാർ കാർഡിന്റെ പകർപ്പ്.

➢ പരിശീലനത്തിനായി ഫീസ് ഒടുക്കിയതിന്റെ അസ്സൽ രസീത്.